# SSLC MODEL EXAMINATION 2022-23

AT **ഉത്തരസൂചിക** **SET-1**

1 കവിതകളിലെ വികാരാവിഷ്കാരം, പ്രമേയം മുതലായവയ്ക്ക് സാമ്യമുണ്ട്.

2 ഭാവതീവ്രതയോടെ അവതരിപ്പിക്കുക.

3 മകൻ മരിച്ച വിവരം ആരോടും തുറന്നുപറയാൻ കഴിയാത്തത് മിറലിനെ വേദനിപ്പിച്ചു.

4 നിരാശ

5 മൊട്ടുപോലുള്ള പല്ലുകൾ

6
- ❖ രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നു
- ❖ സർവ്വദമനനെ തീപ്പൊരിയോട് ഉപമിച്ചിരിക്കുന്നു.

7
- ❖ ആദ്യത്തെ വാക്യത്തിലെ പോയി എന്നത് പ്രവൃത്തിയെ സൂചിപ്പിക്കുന്നു.
- ❖ രണ്ടാമത്തെ വാക്യത്തിലെ പോയി എന്ന പദം ഓർത്തു എന്ന ക്രിയ യാദൃശ്ചികമായി സംഭവിച്ചതാണെന്ന് സൂചിപ്പിക്കുന്നു.

8
- ❖ നളിനിയുടെ ശരീരത്തിനുണ്ടായ മാറ്റം
- ❖ ദിവാകരനോടുള്ള ഭാവത്തിൽ വന്ന മാറ്റം.

9
- ❖ ഗഹനമായ ആശയങ്ങൾ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുന്നു.
- ❖ ധാരാളം സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നു.
- ❖ ഒരു ആശയം ഒന്നിൽകൂടുതൽ ഉദാഹരണങ്ങളിൽകൂടി സമർത്ഥിക്കുന്നു.
- ❖ ഗൗരവമുള്ള ആശയങ്ങൾ അവതരിപ്പിക്കാൻ വാക്കുകൾ കൂട്ടിച്ചേർത്ത് ഭാഷയെ ഗൗരവമാക്കുന്നു.

10
- ❖ ജീവിതത്തിൽ സത്യസന്ധത പുലർത്തണം
- ❖ മനുഷ്യൻ സ്വാർത്ഥത ഉപേക്ഷിക്കണം
- ❖ നേരായ വാതിലുകൾ അടയുന്നത് പലരും തെറ്റുചെയ്യുന്നതിന് കാരണമാകുന്നു.
- ❖ മതിലുകൾ സ്വാർത്ഥതയുടെ അടയാളമാണ്.

11
- ❖ കോടച്ചിയുടെ സാന്നിദ്ധ്യത്തിന്റെ അടയാളം.
- ❖ കഥാവസാനത്തിൽ പൊതിച്ചോറ് ബലിച്ചോറായി മാറുന്നു.
- ❖ കഥാഗതിയെ സ്വാധീനിക്കുന്നു.
- ❖ പൊതിച്ചോറിന്റെ നനവ് വെള്ളായിയപ്പന് ആശ്വാസമാകുന്നു.

12
- ❖ ഉത്തരവാദിത്തങ്ങൾ സ്വയം ഏറ്റെടുക്കുന്നു.
- ❖ കഷ്ടതകൾ വർദ്ധിക്കുംതോറും ജീവിതത്തെ കൂടുതൽ സ്നേഹിക്കുന്നു.
- ❖ ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുള്ള മനുഷ്യൻ.
- ❖ അപസ്മാരരോഗം, ചൂതുകളിഭ്രമം.
- ❖ സാഹിത്യസ്നേഹിയായ സാഹിത്യകാരൻ.

13
- ❖ ജീവിതമാണ് സാഹിത്യത്തിൽ ആവിഷ്കരിക്കുന്നത്.
- ❖ വായനക്കാരന്റെ മനസ്സിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സാഹിത്യത്തിന് കഴിയും
- ❖ സമൂഹത്തിൽനിന്നാണ് സാഹിത്യരചനയ്ക്ക് വിഷയം കിട്ടുന്നത്.
- ❖ സാഹിത്യഭാഷ വായനക്കാരന്റെ മനസ്സിനെ വികാരഭരിതമാക്കും.

14
- ❖ നാടൻപാട്ടുകളിലൂടെയാണ് സാഹിത്യം വളർന്നത്.
- ❖ സ്വേച്ഛാധിപത്യശക്തികളെ തകർത്ത് ജനാധിപത്യഭരണകൂടങ്ങളെ സൃഷ്ടിക്കാൻ സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്.
- ❖ മതം, രാജാധികാരം,തത്വചിന്തകൾ എന്നിവ സാഹിത്യത്തെ സ്വാധീനിക്കാൻ ശ്രമിച്ചിട്ടുണ്ട്.
- ❖ മനുഷ്യശക്തിയുടെ മഹത്വം എക്കാലത്തെയും സാഹിത്യത്തിൽ കാണാം.

❖ സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾക്ക് ആശ്വാസംപകരാൻ സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്.

15 ❖ യുദ്ധം ഒരു പ്രശ്നത്തിനും പരിഹാരമല്ല.

❖ യുദ്ധം പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

❖ സ്ത്രീകളുടെയും കുട്ടികളുടെയും അനാഥത്വത്തിന് കാരണമാകുന്നു.

❖ ജയിച്ചവർക്കും തോറ്റവർക്കും ഒരുപോലെ നഷ്ടം ഉണ്ടാക്കുന്നു.

❖ അനന്തരതലമുറകളെപ്പോലും ബാധിക്കുന്നു.

❖ യുദ്ധംകൊണ്ടുള്ള പക ഒരിക്കലും അവസാനിക്കുന്നില്ല.

❖ യുദ്ധം ഉണ്ടാക്കുന്ന ഭയം വിട്ടുമാറാൻ പ്രയാസമാണ്.

16 ❖ ലോകജനതയുടെ അടിസ്ഥാനപ്രശ്നങ്ങൾ എല്ലാ കാലത്തും സമാനമാണ്

❖ ഉത്തമസാഹിത്യരചനകൾ ലോകനന്മ ലക്ഷ്യമാക്കിയുള്ളതാണ്.

❖ മനുഷ്യവികാരങ്ങൾ അവതരിപ്പിക്കുന്ന ഭാഷയ്ക്ക് അതിർവരമ്പുകളില്ല.

❖ സമാനതകളില്ലാത്ത അലങ്കാരപ്രയോഗങ്ങളും കാവ്യകല്പനകളും എല്ലാകാലത്തും ആസ്വദിക്കപ്പെടുന്നു.

❖ ഉത്തമരചനകൾ പിൽക്കാലരചനകൾക്ക് മാതൃകയായി നിൽക്കുന്നു.

17 ❖ ദുഃഖത്തിൻ സൂര്യശില, പാഴ്ചിപ്പി, തുടങ്ങിയ പ്രയോഗങ്ങളുടെ അർത്ഥതലങ്ങൾ.

❖ വാങ്മയചിത്രങ്ങൾ.

❖ വിവിധ കാലഘട്ടങ്ങളിലൂടെയുള്ള കവിമനസ്സിന്റെ സഞ്ചാരം.

❖ ധ്വനികല്പനകൾ

❖ സമകാലികപ്രസക്തി